സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടുനൽകിയിട്ടുണ്ട്. ചെന്നൈ നങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടു നൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ്നാട് പോലീസ് ക്വർട്ടേഴ്സിനുമായി കയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. മറ്റുള്ള സ്ഥലങ്ങളിൽ കയ്യേറ്റം നിലവിലില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ദുരന്ത നിവാരണ അതോറിറ്റി

118 (5200) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) പ്രവർത്തനം നടപ്പിൽ വരുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്രസാങ്കേതിക വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജല വിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. അതോറിറ്റിയെ സഹായിക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2007-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചു. 2008-ൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു. സംസ്ഥാനത്ത് 8 ജില്ലകളിൽ ദുരന്ത നിവാരണത്തിനായി പ്രത്യേകം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു. 2010-ൽ സംസ്ഥാന ദുരന്ത നിവാരണ നയം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 2012-ൽ സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 2012-ൽ സംസ്ഥാനത്തെ പഞ്ചവത്സര പദ്ധതിയിൽ ദുരന്ത നിവാരണ അതോറിറ്റിക്കായി പ്രത്യേകം പണം വകയിരുത്തി. 2014-ൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് തിരുവനന്തപുരത്ത് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് 13, 14 ധനകാര്യ കമ്മീഷനുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡ് സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചീഫ് സെക്രട്ടറിയേയും കൺവീനറായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും അതോറിറ്റിയുടെ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്.

ഭൂകമ്പ പ്രതിരോധ നടപടികൾ

119 (T.5201) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരേന്ത്യയിലും അയൽ രാജ്യമായ നേപ്പാളിലും ദുരന്തം വിതച്ച ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ നഗരങ്ങളിൽ ഇത്തരത്തിലുള്ള പ്രകൃതി ക്ഷോഭത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിട നിർമ്മാണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അംഗങ്ങളുടെ വിശദാംശം നൽകാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly